"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - ഐരാവൺ മൃഗാശുപത്രിയിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു സൂപ്പർന്യൂമററി തസ്തിക 01.04.2002 മുതൽ സൃഷ്ടിച്ചുകൊണ്ട് പ്രസ്തുത തസ്തികയിൽ 07.08.2015 മുതൽ ജോലി നോക്കി വരുന്ന ശ്രീമതി.സുപ്രഭയെ മുൻകാല പ്രാബല്യത്തിൽ PTS തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(മൃഗസംരക്ഷണ ഇ)വകുപ്പ്**

സ.ഉ.(കൈ) നം. 22/2021/എ.എച്ച്.ഡി തീയതി, തിരുവനന്തപുരം, 01.08.2021

പരാമർശം:-1. സ.ഉ.(പി) 501/2005/ധന തീയതി 25.11.2005.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 18.05.15 ൽ ഒ.എ. 386/2014 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിന്യായം.
3. സ.ഉ. (കൈ)നം.133/2015/എഡി തീയതി 07.08.15.
4. സ.ഉ.(പി) നം.58/2018/ധന തീയതി 10.04.2018.
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 09.08.19 ൽ ഒ.എ. 625/17 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിന്യായം.
6. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 19.11.2019 ലെ എ.എച്ച്.ഡി/3629/2017-ജെ2 നമ്പർ കത്ത്.
7. ബഹു. ഹൈക്കോടതി 15.01.2021 ൽ OP(KAT) 19/2021 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിന്യായം.

**ഉത്തരവ്**

കോന്നി ഐരാവൺ വെറ്ററിനറി ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കി വന്നിരുന്ന ശ്രീമതി.എസ്.സുപ്രഭ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ 386/2014 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിന്മേൽ ബഹു.ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിന്റെ വെളിച്ചത്തിൽ ടിയാളെ ഉത്തരവ് തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ 01.04.2002 (100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള നിലവിലെ കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റിയ തീയതി) മുതൽ മുൻകാല പ്രാബല്യത്തിൽ നിയമനം നൽകി പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.സുപ്രഭ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 625/17 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ അപേക്ഷകയ്ക്ക് 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ ആനുകൂല്യങ്ങളും അനുവദിക്കാൻ ഉത്തരവാകുകയുണ്ടായി.

2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ 25.07.2011 ൽ മാത്രമാണ് ഐരാവൺ വെറ്ററിനറി ഡിസ്പെൻസറിയിൽ പാർട്ട്

ടൈം സ്വീപ്പർ തസ്തിക നിലവിൽ വന്നത് എന്നതിനാൽ 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ അനുകൂല്യങ്ങളും അനുവദിക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള അന്തിമവിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുകയുണ്ടായി. സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം കാഷ്വൽ/ താത്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി ഉത്തരവിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണ് എന്ന് നിഷ്കർഷിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . ആയതിനാൽ പരാമർശം (5) ലെ അന്തിമ വിധിന്യായത്തിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ OP(KAT) 19/2021 ഫയൽ ചെയ്യുകയുണ്ടായി. ബഹു.ഹൈക്കോടതി പരാമർശം (7) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ OP(KAT) നിരസിച്ചു കൊണ്ടും ബഹു.ട്രിബ്യൂണലിന്റെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 2 മാസത്തെ സമയം അനുവദിച്ചുകൊണ്ടും ഉത്തരവാകുകയുണ്ടായി.

3. ബഹു. ഹൈക്കോടതി OP(KAT) 19/2021 തള്ളിയ സാഹചര്യത്തിൽ ശ്രീമതി.സുപ്രഭ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 625/17 നമ്പർ കേസിന്മേലുള്ള പരാമർശം (5) ലെ അന്തിമ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഐരാവൺ മൃഗാശുപത്രിയിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു സൂപ്പർന്യൂമററി തസ്തിക 01.04.2002 മുതൽ സൃഷ്ടിച്ചുകൊണ്ട് പ്രസ്തുത തസ്തികയിൽ 07.08.2015 മുതൽ ജോലി നോക്കി വരുന്ന ശ്രീമതി.സുപ്രഭയെ 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ PTS തസ്തികയിൽ സ്ഥിരപ്പെടുത്തി പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടിങ്കു ബിസ്വാൾ**
**സെക്രട്ടറി**

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് , തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തിക്ക് (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ ( ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) ബ്രാഞ്ച് ഓഫീസ്, കൊച്ചി.
ധനകാര്യ വകുപ്പ് (U.O.(F) No.392419/അഗ്രി -എ 2/195/2019 ധന തീയതി 08.04.2021 )
വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

150

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഇ 2/133/2017-എ.എച്ച് |
| 2. | വകുപ്പ് | : | കൃഷി (മൃഗസംരക്ഷണ-ഇ) വകുപ്പ് |
| 3. | വിഷയം | : | പത്തനംതിട്ട ജില്ലയിൽ ഐരാവൺ വെറ്ററിനറി ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 07.08.2015 മുതൽ ജോലി നോക്കി വരുന്ന ശ്രീമതി.സുപ്രഭയെ 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ PTS തസ്തികയിൽ സ്ഥിരപ്പെടുത്തി പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ ആനുകൂല്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06.07.2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.07.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ . വി . പി .ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.07.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. ചിഞ്ചുറാണി .ജെ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26.07.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.07.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പത്തനംതിട്ട ജില്ലയിൽ ഐരാവൺ വെറ്ററിനറി ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 07.08.2015 മുതൽ ജോലി നോക്കി വരുന്ന ശ്രീമതി.സുപ്രഭയെ 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ PTS തസ്തികയിൽ സ്ഥിരപ്പെടുത്തി പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ ആനുകൂല്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിന് പ്രതിപാദ്യം.

2. പാർട്ട് ടൈം സ്വീപ്പറായി സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കോന്നി ഐരാവൺ വെറ്ററിനറി ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കി വന്നിരുന്ന ശ്രീമതി.എസ്.സുപ്രഭ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ 386/2014 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിന്മേലുള്ള ബഹു.ട്രിബ്യൂണലിന്റെ 18.05.15 തീയതിയിലെ അന്തിമ വിധിന്യായത്തിന്റെ വെളിച്ചത്തിൽ ടിയാളെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് 07.08.15 ലെ സ.ഉ.(കൈ) 133/2015/എഡി നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3. എന്നാൽ 01.04.2002 (100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള നിലവിലെ കെട്ടിടത്തിലേക്ക് മാറ്റിയ തീയതി) മുതൽ മുൻകാല പ്രാബല്യത്തിൽ നിയമനം നൽകി പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീമതി.സുപ്രഭ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 625/17 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിന്മേൽ ബഹു.ട്രിബ്യൂണൽ 09.08.19 തീയതിയായി പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ അപേക്ഷകയ്ക്ക് 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ അനുകൂല്യങ്ങളും അനുവദിക്കാൻ ഉത്തരവാകുകയുണ്ടായി.

4. 25.07.2011 ൽ മാത്രമാണ് ഐരാവൺ വെറ്ററിനറി ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിൽ വന്നത് എന്നതിനാൽ 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ അനുകൂല്യങ്ങളും അനുവദിക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.08.19 ലെ അന്തിമവിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

5. ടി വിഷയത്തിലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" സ.ഉ (പി) നം .58/2018/ ധന തിയതി 10.4.2018 പ്രകാരം സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം കാഷ്വൽ/ താത്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി ഉത്തരവിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണ് എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . ആയതിനാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപ്പീൽ നല്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു " .

6. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ OA 625/17 നമ്പർ കേസിന്മേലുള്ള 09.08.19 ലെ അന്തിമ വിധിന്യായത്തിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ OP(KAT)19/2021 ഫയൽ ചെയ്യുകയുണ്ടായി . ബഹു.ഹൈക്കോടതിയുടെ 15.01.2021 ലെ ഉത്തരവ് പ്രകാരം പ്രസ്തുത OP(KAT) നിരസിച്ചു കൊണ്ടും ബഹു.ട്രിബ്യൂണലിന്റെ വിധിന്യായം പാലിച്ചുകൊണ്ട് compliance order പുറപ്പെടുവിക്കുന്നതിന് 2 മാസത്തെ സമയം അനുവദിച്ചുകൊണ്ടും ഉത്തരവാകുക യുണ്ടായി. OP(KAT)19/2021 ബഹു.ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ശ്രീമതി. സുപ്രഭ ബഹു .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.625/17 നമ്പർ കേസിന്മേലുള്ള 09.08.19 ലെ അന്തിമ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ഒരിക്കൽ കൂടി ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

7. ടി വിഷയത്തിലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" ധനകാര്യവകുപ്പ് 20.1.2020- ൽ അഭിപ്രായപ്പെട്ട പ്രകാരം നിലവിലെ വ്യവസ്ഥകൾ പ്രകാരം ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തുവാനുള്ള അനുമതിയേ നൽകാനാവുകയുള്ളൂ എന്നും അപ്പീലിന് സാധ്യതയില്ലായെന്ന് അറിയിച്ചിരിക്കുന്നതിനാൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ് " .

8 . ഒ. എ . 625/17 നമ്പർ കേസിന്മേലുള്ള 09.08.19 ലെ അന്തിമ വിധിന്യായത്തിൽ അപേക്ഷകയെ 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തണമെന്നാണ് ബഹു.ട്രിബ്യൂണൽ ഉത്തരവായിട്ടുള്ളത്. എന്നാൽ ഐരാവൺ വെറ്ററിനറി ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിൽ വന്ന 25/07/2011 തീയതി പ്രാബല്യത്തിൽ ടിയാളെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ കോടതിയലക്ഷ്യ നടപടികൾക്ക് സാധ്യതയുണ്ട്. സർക്കാർ വകുപ്പുകളിൽ എതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം കാഷ്വൽ/ താത്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി ഉത്തരവിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണ് എന്ന് ധന വകുപ്പിന്റെ 10.04.2018 ലെ സ . ഉ (പി) നം .58/2018/ ധന നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ധന വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നു കൊണ്ട് ബഹു.ട്രിബ്യൂണലിന്റെ 09.08.19 തീയതിയിലെ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ ശ്രീമതി.സുപ്രഭയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനമെടുക്കേണ്ട കാര്യം

ഐരാവൺ മൃഗാശുപത്രിയിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു സൂപ്പർന്യൂമററി തസ്തിക 01.04.2002 മുതൽ സൃഷ്ടിച്ചുകൊണ്ട് പ്രസ്തുത തസ്തികയിൽ 07.08.2015 മുതൽ ജോലി നോക്കി വരുന്ന ശ്രീമതി.സുപ്രഭയെ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ PTS തസ്തികയിൽ സ്ഥിരപ്പെടുത്തി പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ ആനുകൂല്യങ്ങളും അനുവദിക്കാവുന്നതാണോ?

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-07-2021

ഫയൽ നം. ഇ2/133/2017-എ.എച്ച്. ഇനം നം: 150

വിഷയം : കൃഷി (മൃഗസംരക്ഷണ) വകുപ്പ് - പത്തനംതിട്ട ജില്ലയിൽ ഐരാവൺ വെറ്ററിനറി ഡിസ്‌പെൻസറിയിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ 07.08.2015 മുതൽ ജോലി നോക്കി വരുന്ന ശ്രീമതി.സുപ്രഭയെ 01.04.2002 മുതൽ മുൻകാല പ്രാബല്യത്തിൽ PTS തസ്തികയിൽ സ്ഥിരപ്പെടുത്തി പാർട്ട് ടൈം സ്വീപ്പറുടെ എല്ലാവിധ ആനുകൂല്യങ്ങളും അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി(മൃഗസംരക്ഷണ)വകുപ്പ്.

29/7